(എഫ്)കമ്മിറ്റി ശുപാർശ പ്രകാരം അപാകത പരിഹരിക്കുന്നതിന് സർക്കാരിന് എന്തു തുകയുടെ അധിക ബാദ്ധ്യത ഉണ്ടായി?

ഉത്തരം

(എ) ചീഫ് സെക്രട്ടറി ചെയർമാനും ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയും മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയും അംഗങ്ങളുമായതാണ് എംപവേർഡ് കമ്മിറ്റിയുടെ ഘടന.

(ബി) മിക്കവാറും എല്ലാ സർവീസ് സംഘടനകളും അനവധി വ്യക്തികളും കമ്മിറ്റിക്ക് നിവേദനങ്ങൾ നൽകിയിട്ടുണ്ട്.

(സി) കാര്യമാത്ര പ്രസക്തമായ എല്ലാ നിവേദനങ്ങളും കമ്മിറ്റിയുടെ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(ഡി) കമ്മിറ്റി അഞ്ച് പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്.

(ഇ) കമ്മിറ്റി ഇതുവരെ ശുപാർശകൾ നല്കിയിട്ടില്ല.

(എഫ്)കമ്മിറ്റിയുടെ ശുപാർശകൾ ലഭിച്ചിട്ടില്ല.

15 (307) സർക്കാർ ജീവനക്കാർക്കുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. പി.ജെ. ഫ്രാൻസിസ് :

പ്രൊഫ: സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗവൺമെന്റ് ജീവനക്കാർ അടയ്ക്കുന്ന പ്രോവിഡന്റ് ഫണ്ട് തുകയിൽനിന്ന് വായ്പയെടുക്കുന്നതു സംബന്ധിച്ച കാര്യത്തിൽ ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എന്തെല്ലാം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ജീവനക്കാർ അടച്ച തുകയിൽനിന്ന് വായ്പയെടുക്കുന്നതു സംബന്ധിച്ച് ഇത്തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാനുള്ള കാരണങ്ങൾ എന്തെന്ന് അറിയിക്കുമോ;

(സി) തുടർച്ചയായുള്ള എംപ്ലോയ്മെന്റ് സർവ്വീസ് പെൻഷൻ കണക്കാക്കുന്നതിനുള്ള സർവ്വീസായി കണക്കിലെടുത്ത നടപടി ഈ ഗവൺമെന്റ് വന്നശേഷം വേണ്ടെന്നു വച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ചട്ടങ്ങൾക്ക് വിധേയമായി ഗസറ്റഡ് ആഫീസ് തലവൻമാർക്ക് പൊതു പ്രോവിഡന്റ് ഫണ്ടിൽനിന്നും അനുവദിക്കാവുന്ന ഹ്രസ്വകാല വായ്പ തുകയുടെ ഉയർന്ന പരിധി 6.12.94-ലെ സർക്കാർ ഉത്തരവ് 856/94/ധന അനുസരിച്ച് 10,000/-രൂപ ആയി നിജപ്പെടുത്തിയിരുന്നു. അതിനെ തുടർന്ന് സർക്കാരിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളെയും താഴെ പറയുന്ന നാലു വിഭാഗങ്ങളായി തിരിച്ച് ഓരോ വിഭാഗത്തിലേയും ആഫീസ് തലവന്മാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

പൊതു പ്രോവിഡന്റ് ഫണ്ടിൽനിന്നും അനുവദിക്കാവുന്ന ഹ്രസ്വകാല വായ്പ തുകയുടെയും തിരിച്ചടക്കേണ്ടാത്ത വായ്പ തുകയുടെയും ഉയർന്ന പരിധി 4.1.99-ലെ 24/99/ധന നമ്പർ ഉത്തരവനുസരിച്ച് സർക്കാർ പരിമിതപ്പെടുത്തുന്നു.

വിഭാഗം	അനുവദിക്കാവുന്ന പരിധി
(1) ഗസറ്റഡ് ഓഫീസ് തലവന്മാർ	15,000/-രൂപ
(2) ഉപജില്ലാ ഓഫീസറന്മാർ	20,000/- രൂപ
(3) ജില്ലാതല ഓഫീസറന്മാർ	50,000/- രൂപ
(4) വകുപ്പ് തലവന്മാർ ഹ്രസ്വകാല വായ്പ	1,00,000/- രൂപ

തിരിച്ചടക്കേണ്ടാത്ത വായ്പ അക്കൗണ്ടിലുള്ള ശേഷിക്കുന്ന തുകയുടെ 75 ശതമാനം.

ഏർപ്പെടുത്തപ്പെട്ട ഈ പരിധികൾ കാരണം പൊതു പ്രോവിഡന്റ് ഫണ്ടിൽനിന്നും വായ്പതുകകൾ പിൻവലിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നു എന്ന പരാതിയെ തുടർന്ന് ഈ പരിധി 14/6/99-ലെ 1464/99/ധന ഉത്തരവു പ്രകാരം സർക്കാർ താഴെ പറയുന്ന വീതം പുനർ നിർണ്ണയിച്ചിരിക്കുന്നു.

വിഭാഗം	അനുവദിക്കാവുന്ന തുകയിക്കുള്ള പരിധി
(1) ഗസറ്റഡ് ഓഫീസ് തലവന്മാർ	25,000/-രൂപ
(2) ഉപജില്ലാ ഓഫീസറന്മാർ	50,000/-രൂപ
(3) ജില്ലാതല ഓഫീസറന്മാർ	75,000/-രൂപ
(4) മേഖലാ ഓഫീസറന്മാർ	1,00,000/-രൂപ
(5) വകുപ്പ് തലവന്മാർ	ചട്ടങ്ങളനുസരിച്ച് തുകയ്ക്ക് പരിധിയില്ലാതെ

(ബി) സംസ്ഥാന ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ചട്ടങ്ങൾ ഉണ്ടാക്കുന്നതും നടപ്പിലാക്കുന്നതിന്റെയും ചുമതല ധനകാര്യവകുപ്പിൽ നിക്ഷിപ്തമാണ്. ധനകാര്യവകുപ്പിന്റെ അറിവില്ലാതെ പൊതു പ്രോവിഡന്റ് ഫണ്ടിൽ നിന്നും ഹ്രസ്വകാല വായ്പകൾ അനുവദിക്കുന്നതിനുള്ള അധികാരം താഴെയുള്ള ഓഫീസറന്മാർക്ക് വികേന്ദ്രീകരിച്ച് കൊണ്ടുള്ള ഉത്തരവുകൾ ചില വകുപ്പുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. വരിക്കാരന്റെ അക്കൗണ്ടിലുള്ള ശേഷിക്കുന്ന തുക പെരുപ്പിച്ചു കാണിച്ച് ഫണ്ടിൽനിന്നും കൂടുതൽ തുക വായ്പ നൽകുന്ന ഉത്തരവുകൾ പുറപ്പെടുവിച്ച സാഹചര്യങ്ങളും ഉണ്ടായിട്ടുണ്ട്. ഇക്കാരണങ്ങളാൽ ക്രമക്കേടുകൾ ഒഴിവാക്കുന്നതിനായി എല്ലാ വിഭാഗത്തിലുള്ള ഓഫീസ് തലവന്മാർക്കും അനുവദിക്കാവുന്ന തുകയ്ക്ക് വ്യക്തമായ പരിധി നിർണ്ണയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശമനുസരിച്ചാണ് ഇപ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചത്.

(സി) ഉണ്ട്.

(ഡി) ഇൻക്രിമെന്റിനു കണക്കാക്കുന്ന സർവ്വീസാണു സാധാരണയായി പെൻഷനർഹതയുള്ള സർവ്വീസായി കണക്കാക്കുന്നത്. 1.10.94 മുതൽ പ്രൊവിഷണൽ സർവ്വിസ് തുടർന്നു വരുന്ന റഗുലർ സർവ്വീസിൽ ഇൻക്രിമെന്റിനു കണക്കാക്കാൻ അനുവദിച്ചിരുന്ന കെ.എസ്.ആർ. പാർട്ട്-I ചട്ടം 33 ലെ സർക്കാർ തീരുമാനം പിൻവലിച്ചു. അതിന്റെ ചുവടു പിടിച്ചാണന്

LIBRARY ARCHIVES Kerala Legislative Assembly

15.1.98-ലെ 3116/98/ധന സർക്കാർ ഉത്തരവു പ്രകാരം പ്രൊവിഷണൽ സർവ്വീസ് പെൻഷനു കണക്കാക്കാനുള്ള വ്യവസ്ഥ വേണ്ടെന്നു വച്ചത്.

16 (308) സർക്കാർ ഉദ്യോഗസ്ഥരുടെ ഗ്രേഡ്

ശ്രീ. കെ. സുധാകരൻ :

ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ഗ്രേഡിനെ സംബന്ധിച്ച് റീ ഓപ്ഷൻ നൽകാൻ അനുവദിച്ച് കൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്തുവോ ;

(ബി) എങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദീകരിക്കുമോ;

(സി) ഈ നടപടി സർക്കാർ ജീവനക്കാരെ പ്രതികൂലമായി ബാധിക്കുകയില്ലേ;

(ഡി) ഗ്രേഡിലുള്ള റീ-ഓപ്ഷൻ റദ്ദ് ചെയ്ത നടപടി പുനഃപരിശോധിക്കുമോ?

ഉത്തരം

(എ) 30.4.99 ലെ ജി.ഒ.(എം.എസ്)നം.1333/99/ധന. എന്ന ഉത്തരവ് പ്രകാരം സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ഗ്രേഡിംഗ് റീ ഓപ്ഷൻ നൽകാനുള്ള അനുമതി പിൻവലിച്ചു.

(ബി) സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ് ഇങ്ങനെയൊരു നടപടി സ്വീകരിക്കേണ്ടതായി വന്നത്.

(സി)&(ഡി) സർക്കാർ ജീവനക്കാരിൽ കുറേപേരെ ഈ നടപടി പ്രതികൂലമായി ബാധിക്കുമെന്ന് കണ്ടതിനാൽ പ്രസ്തുത നടപടി പുനഃപരിശോധിച്ചു കൊണ്ടുള്ള ഉത്തരവ് ഉടനെ പുറപ്പെടുവിക്കുന്നതാണ്.

17 (309) സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്ക് എത്ര ഡി.എ. കുടിശ്ശിക നൽകാനുണ്ട്;

(ബി) എത്ര ശതമാനം വീതമുള്ള കുടിശ്ശികയാണ് നൽകാനുള്ളത്;

(സി) ഈ കുടിശ്ശിക എന്നത്തേയ്ക്ക് നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ 1.1.99 മുതൽ പ്രഖ്യാപിച്ച ഒരു ഗഡു ഡി.എ. മാത്രമേ സംസ്ഥാന ജീവനക്കാർക്ക് കുടിശ്ശികയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly